**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1069.** **30.01.2019 ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന്റെ അധീനതയിലുള്ള അരൂകുറ്റിയിലെ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതിയുടെ ഭാഗമായി അരൂകുറ്റിയിൽ നിർമ്മിച്ചിക്കുന്ന ഹൗസ് ബോട്ട് ടെർമിനൽ പ്രയോജനപ്പെടുത്താനാവാത്ത സാഹചര്യം പരിഗണിച്ച് ബഹു. എക്സൈസ്, ടൂറിസം മന്ത്രിമാരും വകുപ്പ് മേധാവികളും എം.എൽ.എ.യും പങ്കെടുത്ത യോഗതീരുമാനപ്രകാരം എക്സൈസ് വകുപ്പിന്റെ അധീനതയിലുള്ള അരൂകുറ്റിയിലെ സ്ഥലം, ടൂറിസം വകുപ്പിന്റെ പദ്ധതിയ്ക്ക് പെർമിസ്സീവ് സാങ്ഷൻ നൽകുന്നതിന് തീരുമാനിച്ചിരുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | പെർമിസ്സീവ് സാങ്ഷൻ നൽകിയിട്ടില്ല. |
| (ബി) | എക്സൈസ് വകുപ്പിന് പകരം സ്ഥലം കണ്ടെത്തി നല്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി യിരുന്നുവെങ്കിലും പകരം നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ പലതും എക്സൈസ് വകുപ്പിന് | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | തൃപ്തികരമാകാത്തതിനാൽ ഒന്നര കോടി രൂപ മുടക്കി നിർമ്മിച്ച അരൂകുറ്റിയിലെ ഹൗസ് ബോട്ട് ടെർമിനൽ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പകരം സ്ഥലം കണ്ടെത്തിയതിന് ശേഷമേ എക്സൈസ് വകുപ്പ് ഈ വസ്തു ടൂറിസത്തിന് നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ യോഗതീരുമാനപ്രകാരമുള്ള പെർമിസ്സീവ് സാങ്ഷൻ നല്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും | പരിശോധിക്കുന്നതാണ്. |
| (ഡി) | കോസ്റ്റൽ റെഗുലേഷൻ സോൺ മേഖലയിലുള്ള അതിമനോഹരമായ ഈ സ്ഥലം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കാനാകാത്തത് പരിഗണിച്ച്, സാമൂഹ്യവിരുദ്ധരുടെ കയ്യേറ്റങ്ങളിൽനിന്ന് രക്ഷിച്ച് പ്രസ്തുത സ്ഥലം നാടിന്റെ വികസനാവശ്യങ്ങൾക്ക് വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ